പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 545 — 10.06.2014 ലെ മറുപടിയ്ക്ക്

ലോട്ടറി സമ്മാനത്തുക വിതരണം

| | ചോദ്യം<br><br>ശ്രീ. ഇ. കെ. വിജയൻ : | | മറുപടി<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സർക്കാർ നടത്തുന്ന ലോട്ടറിയിൽ ഏത് കാലയളവുവരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട് ; | (എ) | മതിയായ രേഖകൾ സഹിതം സമ്മാനാർഹർ ഹാജരാക്കുന്ന സമ്മാന ടിക്കറ്റിനു മേൽ 30 ദിവസത്തിനുള്ളിൽ സമ്മാന തുക വിതരണം ചെയ്തു വരുന്നുണ്ട്. |
| (ബി) | സമ്മാനത്തുക വിതരണം ചെയ്യുന്നതിൽ കോടതി ഇടപെടൽ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ ലോട്ടറി റൂൾ പ്രകാരം മതിയായ രേഖകൾ ഹാജരാക്കാത്ത കേസുകളിൽ, വകുപ്പ് സമ്മാനം നിരസിക്കുമ്പോഴും അന്യസംസ്ഥാന ക്ലെയിമുകൾ നിരസിക്കുമ്പോഴും സമ്മാനാർഹർ കോടതിയെ സമീപിക്കാറുണ്ട്. |
| (സി) | വിതരണം വൈകുന്നതിന്റെ മൂലകാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; | (സി) | പരിശോധിച്ചിട്ടുണ്ട്. സമ്മാനാർഹർ രേഖകൾ ഹാജരാക്കാൻ താമസം വരുത്തുന്ന കേസ്സുകളിൽ സമ്മാന വിതരണത്തിന് കാലതാമസം നേരിടുന്നുണ്ട്. |
| (ഡി) | നിലവിലുള്ള ചട്ടപ്രകാരം നറുക്കെടുപ്പ് കഴിഞ്ഞാൽ എത്ര സമയത്തിനുള്ളിൽ തുക വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ; വിതരണം ചെയ്യുന്നില്ലെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) | മതിയായ രേഖകൾ സഹിതം സമ്മാനാർഹർ ഹാജരാക്കുന്ന സമ്മാന ടിക്കറ്റിന്, ഹാജരാക്കി 30 ദിവസത്തിനുള്ളിൽ സമ്മാന തുക വിതരണം ചെയ്തു വരുന്നു. ഉദ്യോഗസ്ഥരുടെ വീഴ്ച കാരണം നാളിതുവരെ സമ്മനത്തുക വൈകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.